# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തഴവ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P8/391/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 22/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തഴവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തഴവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തഴവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P8/391/2023 തീയ്യതി: 22/03/2023

## കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 20-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 30-06-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 21-10-2022 | 31-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-10-2022 | 31-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജിത് കുമാർ.ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ഷീജ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദിവ്യ.ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സുനിൽ കുമാർ.യു.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സദാശിവൻ.വി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.മനോജ്.വി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗീതാമണിയമ്മ.ജി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.ചന്ദ്രദാസ്.ജി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി അജ്മി | കൃഷി ഓഫീസർ | 01-04-2021 | 10-10-2021 |
| ശ്രീമതി സോണിയ.എൻ.പി | കൃഷി ഓഫീസർ | 11-10-2021 | 31-03-2022 |
| ശ്രീമതി ഷീബ.കെ.റ്റി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി സന്ധ്യ.റ്റി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ശ്രീ അനിയൻ.എ.കെ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-04-2021 |
| ശ്രീമതി അമൃത.എസ്സ് | ഡയറിഫാം ഇൻസ്ട്രക്ടർ | 19-04-2021 | 31-03-2022 |
| ശ്രീ.ചന്ദ്രപ്പൻ.വി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി സന്ധ്യ.എസ്.പുലയഞ്ചേരിൽ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ഡോ.ജാസ്മിൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ബിന്ദു. എസ് | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ശ്രീ. സനുരാൽ.റ്റി | ഹെഡ്മിസ്ട്രസ്, എ.വി. ജി.എൽ.പി.എസ് | 01-04-2021 | 01-12-2021 |
| ശ്രീമതി സാബുന്നിസ | ഹെഡ്മിസ്ട്രസ്, എ.വി. ജി.എൽ.പി.എസ് | 02-12-2021 | 31-03-2022 |
| ഡോ. പ്രമോദ്. എസ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 02-12-2021 |
| ഡോ.ബി.സോജ | സീനിയർ വെറ്ററിനറി സർജൻ | 03-12-2021 | 31-03-2022 |
| ശ്രീമതി രമീസ | അക്രഡിറ്റഡ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| അക്തർ.ആർ | എഞ്ചിനീയർ | | |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | റേഷൻ വ്യാപാരികളുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നില്ല. | 1-11 |
| 13 | തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു. | 1-12 |
| 14 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ തുക ക്രഡിറ്റായില്ല. | 1-13 |
| 15 | വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-14 |
| 16 | വെള്ളക്കരം ഇനത്തിൽ ഒടുക്ക് വരുത്തുന്ന തുക ക്രമപ്പെടുത്താത്തതിനാൽ വൻ തുക ഗ്രാമപഞ്ചായത്തിന് ബാദ്ധ്യതയാവുന്നു. | 1-15 |
| 17 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗിക്കാൻ ബാക്കിയുള്ള 3,66,027/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. | 1-16 |
| 18 | കരാർ നിരക്കിലും അധികമായി നല്കിയ തുക നിരാകരിക്കുന്നു. | 1-17 |
| 19 | മരുന്ന് ലഭ്യമായിട്ടില്ല. വാങ്ങുന്നതിനായി ചെലവഴിച്ച 2,50,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. | 1-18 |
| 20 | ഇ-ടെൻഡർ ഫീ വരവ് ലഭ്യമായില്ല. | 1-19 |
| 21 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും യഥാസമയം മരുന്നുകൾ ലഭിക്കുന്നില്ല. | 1-20 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | കരാർ നിരക്കിലും അധികമായി നല്കിയ തുക നിരാകരിക്കുന്നു. | 3-1 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 19/02/2021 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 4/03/2022 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

ILGMS നടപ്പാക്കിയത് കാരണം വാർഷിക ധനകാര്യപത്രിക താമസിച്ചാണ് ലഭ്യമാക്കിയത്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2022 | 8.8.2022 | - | - |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രിക പ്രകാരം മുൻബാക്കി ഉൾപ്പെടെയുള്ള ആകെ വരവും നീക്കിയിരിപ്പ് ഉൾപ്പെടെയുള്ള ചെലവും പൊരുത്തപ്പെടുന്നില്ല. (ആകെ വരവ് 15,49,57,173.79/-രൂപയും ആകെ ചെലവ് 15,51,49,173.79/-രൂപയുമാണ്. )

2. കാനറാ ബാങ്ക്, പി.എഫ്.എം.എസ് അക്കൗണ്ട് നമ്പർ 3456101013382-ന്റെ റീകൺസീലിയേഷൻ-ൽ Cheque Issued But Not Collected ആയി രേഖപ്പെടുത്തിയിരിക്കുന്ന താഴെ പറയുന്ന ചെക്കുകൾ കളക്ഷൻ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ചെക്ക് നമ്പർ | തുക (രൂപ) |
|---|---|
| 22101695/31.03.22 | 6,578/- |
| 22101692/31.03.22 | 66/- |

3. State Bank Of India - E-payment അക്കൗണ്ട് നമ്പർ 36257263416-ന്റെ റീകൺസീലിയേഷനിൽ Cheque Deposited But Not Cleared ആയി രേഖപ്പെടുത്തിയിരിക്കുന്ന 23,867/-രൂപ ബാങ്ക് അക്കൗണ്ടിൽ വന്നിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ 18.09.18 ലെ ഉത്തരവ് നമ്പർ.3807/k2/17/ksklm പ്രകാരം ബന്ധപ്പെട്ട അക്കൗണ്ടിൽ തിരിച്ചടയ്ക്കേണ്ട 12,50,000/-രൂപ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

5. ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ |
|---|---|---|---|
| രജിസ്റ്റർ | 17,03,835/- | 17,03,835/- | 0 |
| എ.എഫ്.എസ് | 17,03,835/- | 16,99,335/- | 4,500/-(ബാലൻസ് ഷീറ്റിൽ ടി തുക ഉൾപ്പെടുത്തിയിട്ടില്ല) |

6. സംയുക്ത പ്രോജക്ടിന്റെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് സുലേഖയുമായി പൊരുത്തപ്പെടുന്നില്ല.

7. വികസന ഫണ്ട്(ജനറൽ) ഇനത്തിൽ എ.സി.ആർ പ്രകാരമുള്ള 5,25,544/-രൂപയുടെ ചെലവ് തൻവർഷം നടന്നിട്ടില്ല. എന്നാൽ പ്രസ്തുത തുക കൂടി എ.സി.ആർ-ൽ ചെലവായി ഉൾപ്പെടുത്തിയത്

മൂലം ഡെവലപ്പ്മെന്റ് ഫണ്ട് (ജനറൽ)-ന്റെ ബാലൻസ് നെഗറ്റീവ് ആയിട്ടുള്ളത്.

8. വികസന ഫണ്ട്(എസ്.സി.പി) ഇനത്തിൽ എ.സി.ആർ പ്രകാരമുള്ള 3,36,060/-രൂപയുടെ ചെലവ് തൻവർഷം ട്രഷറിയിൽ നിന്ന് പേയ്മെന്റ് ആയിട്ടില്ല.

9. മെയിന്റനൻസ് (റോഡ്) ഇനത്തിൽ എ.സി.ആർ പ്രകാരമുള്ള 3,31,649/-രൂപയുടെ ചെലവ് തൻവർഷം പേയ്മെന്റ് ആയിട്ടില്ല.

10. ലൈഫ്-സ്റ്റേറ്റ് ഷെയറിന്റെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് (യഥാർത്ഥ ചെലവ്) 1,37,81,060/-രൂപയാണ്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 1,20,31,060/-രൂപ മാത്രമാണ്.

11. HUDCO ലോണിന്റെ 2021-22 വർഷത്തെ ചെലവ് 86,60,000/-രൂപ ആണെന്നിരിക്കെ സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത് 1,04,10,000/-രൂപയാണ്.

12. 2021-22 വർഷത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കിയ ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി (128/21-22) പ്രകാരമുള്ള ആകെ ചെലവ് 20,40,000/-രൂപ ആണെന്നിരിക്കെ സുലേഖ സ്റ്റേറ്റ്മെന്റിൽ ആകെ ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത് 19,40,000/-രൂപ മാത്രമാണ്. (തനതു ഫണ്ടിനത്തിലെ 1,00,000/-രൂപയുടെ ചെലവ് സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.)

13. ഓഡിറ്റ് റിക്കവറി ഇനത്തിൽ RP-10 ൽ 33,431/-രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,00,19,225.79/-രൂപ |
| വരവ് | 13,49,37,948/-രൂപ |
| ആകെ | 15,49,57,173.79/-രൂപ |
| ചെലവ് | 13,51,74,976/-രൂപ |
| നീക്കിയിരിപ്പ് | 1,99,74,197.79/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ നിരാകരിച്ച തുക | 6,388/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 78,59,974/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | - | 2,58,46,469/- | 2,58,46,469/- | 2,57,37,881/- | 1,08,588/- |
| വികസന ഫണ്ട്- എസ്.സി.പി | - | 95,79,228/- | 95,79,228/- | 91,26,000/- | 4,53,228/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Untied (ട്രഷറി) | - | 5,81,188/- | 5,81,188/- | 5,81,188/- | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - | - | 19,79,400/- | 19,79,400/- | 19,78,800/- | 600/- |

| | | | | | |
|---|---|---|---|---|---|
| Tied (ട്രഷറി) | | | | | |
| മെയിന്റനൻസ്, റോഡ് | - | 1,47,42,000/- | 1,47,42,000/- | 88,61,093/- | 58,80,907/- |
| മെയിന്റനൻസ്, നോൺ – റോഡ് | - | 1,06,73,657/- | 1,06,73,657/- | 86,89,962/- | 19,83,695/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| വിമുക്തി | 60,179/- | - | 60,179/- | - | 60,179/- |
| ലൈഫ് സ്റ്റേറ്റ് ഷയർ | 29,70,000/- | 1,54,60,000/- | 1,84,30,000/- | 1,37,81,060/- | 46,48,940/- |
| നിർമ്മൽ പുരസ്കാർ | 50,301/- | - | 50,301/- | - | 50,301/- |
| ശുചിത്വ മിഷൻ | 19,12,269/- | - | 19,12,269/- | 17,82,249/- | 1,30,020/- |
| സാക്ഷരതാമിഷൻ | 288/- | 9 | 297/- | - | 297/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 29,67,503/- | 16,89,838/- | 46,57,341/- | 41,28,522/- | 5,28,819/- |
| എൻ.ആർ.ജി.എസ് | 11,14,468/- | 9,88,352/- | 21,02,820/- | 20,96,047/- | 6,773/- |
| റ്റി.എസ്.സി | 2,20,000/- | - | 2,20,000/- | 2,20,000/- | 0 |
| എസ്.എസ്.എ | 88,576/- | - | 88,576/- | - | 88,576/- |
| സുനാമി | 7,411/- | - | 7,411/- | - | 7,411/- |
| സി.എഫ്.സി Untied (ബാങ്ക്) | - | 48,54,208/- | 48,54,208/- | 43,51,238/- | 5,02,970/- |
| സി.എഫ്.സി Tied (ബാങ്ക്) | - | 71,90,000/- | 71,90,000/- | 62,68,054/- | 9,21,946/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | 15,77,69,268/- | 143 | 11,42,92,602/- | 0 | 30 | 83% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11,14,468.64/- | 9,88,352.5/- | 21,02,820.14/- | 20,96,047.65/- | 6,773.49/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 8,05,03,183/- | 8,05,03,183/- | 8,05,03,183/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 6,960/- | 4 |
| കർഷകതൊഴിലാളി പെൻഷൻ | 1,14,41,400/- | 814 |
| വിധവാ പെൻഷൻ | 2,90,77,000/- | 1973 |
| വാർദ്ധക്യകാല പെൻഷൻ | 5,00,24,200/- | 3676 |
| വികലാംഗപെൻഷൻ | 1,01,11,500/- | 677 |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 9,52,800/- | 62 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 6,00,000/- | 20 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.10.2022 തീയതിയിൽ 11.31 Am ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 985/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.
നികുതി പിരിവിന്റെ കാര്യക്ഷമത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്.

പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29-ാം വകുപ്പിൽ പ്രദിപാതിക്കും പ്രകാരം ചെലവുകൾ ആധികാരികമാക്കി വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക് ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. വാർഷിക ധനകാര്യപത്രിക പ്രകാരം ആകെ വരവ് 15,49,57,173.79/-രൂപയും ആകെ ചെലവ് 15,51,49,173.79/-രൂപയുമാണ്. ആകെ വരവും, ആകെ ചെലവും തുല്യമല്ല. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ് കണക്ടിവിറ്റി പ്ലാൻ കാലികമല്ല. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ സൂക്ഷിക്കുന്നതിൽ വീഴ്ച പറ്റി. ചെലവ് രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല. ഫയൽ സൂക്ഷിക്കുന്നതിൽ പ്ലാൻ സെക്ഷനും അക്കൌണ്ട്സ് സെക്ഷനും ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | | തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 10/07/2022 | 04/2022 മുതൽ 06/2022 | 10/07/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29/04/2016 | 2011-12 മുതൽ 2015-16 | 09/10/2016 |

1-11 റേഷൻ വ്യാപാരികളുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന റേഷൻ കടകളിൽ നിന്നും 2021-22 സാമ്പത്തിക വർഷം ജീവനക്കാരുടെ തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലും ഇതോടനുബന്ധിച്ച് പുറപ്പെടുവിച്ച 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്.
റീട്ടെയിൽ റേഷൻ ഷോപ്പുകൾക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻഷോപ്പുകൾ ഒന്നും തന്നെ 2021-22 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് നേടിയിട്ടില്ല. ഡിമാന്റ് ചെയ്യാത്ത നികുതികൾ കാലഹരണപ്പെടുന്നതിനാൽ തൊഴിൽനികുതിയും ലൈസൻസ് ഫീസും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തുന്നതിന് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്. നികുതിയും ഫീസും ഒടുക്കാൻ വിസമ്മതിക്കുന്ന പക്ഷം 1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 13/01.11.2022

1-12 തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു.

2021-22 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി, സ്ഥാപനനികുതി എന്നിവ ഈടാക്കിയില്ല.

ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നവ

1. കെ.യു.സി.എസ്-329 കുറ്റിപ്പുറം - രണ്ടാം അർദ്ധവർഷം

സ്ഥാപനനികുതി ഈടാക്കാൻ അവശേഷിക്കുന്നവ

1. കെ.യു.സി.എസ് 345 മണപ്പള്ളി
2. കെ.യു.സി.എസ് കുറ്റിപ്പുറം 329
3. കെ.യു.സി.എസ് 134
4. ബി.എസ്.എൻ.എൽ, തഴവ

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 6/29.10.22

1-13 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ തുക ക്രഡിറ്റായില്ല.

2021-22 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി (പ്രോജക്റ്റ് നം. 163/21-22). ആയതിന്റെ വിശദവിവരം ചുവടെ

ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | ലൈഫ് ഭവന പദ്ധതി (പ്രോജക്ട് നം. 163/21-22) |
| അടങ്കൽ | 32,24,372/- വികസന ഫണ്ട് ജനറൽ |
| | 40,00,000/- സംസ്ഥാനാവിഷ്കൃതം |
| | 10,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | 10,00,000/- ജില്ലാപഞ്ചായത്ത് വിഹിതം |
| | 67,75,628/- ലോൺ |
| ചെലവ് | 32,24,372/- വികസന ഫണ്ട് ജനറൽ |
| | 39,95,000/- സംസ്ഥാനാവിഷ്കൃതം |
| | 7,50,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | 5,00,000/- ജില്ലാപഞ്ചായത്ത് വിഹിതം |

ഈ പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി.സുഷമ, എം.എസ് ഭവനം, പാവുമ്പ നോർത്ത്, വാർഡ്-7 എന്ന വ്യക്തി 23.06.21 ൽ കരാർ വയ്ക്കുകയും താഴെ പറയും പ്രകാരം ഗഡുക്കൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

| ഗഡുക്കൾ | തുക (രൂപ) | ബിൽ നം/ചെക്ക് നമ്പർ |
|---|---|---|
| ഒന്നാം ഗഡു | 40,000/- | 455904/10.08.21 |
| രണ്ടാം ഗഡു | 1,20,000/- | 6/21-22, 28.09.21 |
| മൂന്നാം ഗഡു | 40,000/- | 435911/21.10.21 |

ഈ പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 5,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നമ്പർ- 25/21-22, 22.02.22). പ്രസ്തുത ബിൽ പ്രകാരം 1,00,000/-രൂപ ഗുണഭോക്താവായ ശ്രീമതി.സുഷമ, എം.എസ് ഭവനം, പാവുമ്പ നോർത്ത്, വാർഡ്-7 എന്ന വ്യക്തിക്ക് യൂണിയൻ ബാങ്കിന്റെ 520101026954806 എന്ന അക്കൗണ്ടിലേക്ക് നൽകിയെങ്കിലും ടിയാന്റെ ബാങ്ക് അക്കൗണ്ടിൽ തുക ക്രഡിറ്റായില്ല. ഇതു സംബന്ധിച്ച് ഗുണഭോക്താവ് 26.05.2022 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് പരാതി നൽകിയിരുന്നു. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ സാംഖ്യയിൽ പരിശോധന നടത്തിയതിൽ നിന്നും ടിയാൾക്ക് ബാങ്ക് ലയനം കാരണം IFS കോഡ് മാറിയതിനാൽ നാലാം ഗഡു ക്രഡിറ്റ് ആയിട്ടില്ലായെന്നും പ്രസ്തുത തുക സർക്കാർ അക്കൗണ്ടിലേക്ക് തിരികെ പോയിട്ടുള്ളതായും മനസ്സിലാക്കാൻ കഴിഞ്ഞു എന്നും ഇത് സംബന്ധിച്ച് ട്രഷറി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നുമാണ് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. കൂടാതെ ടി വിഷയത്തിൽ തീരുമാനം എടുക്കുന്നതിലേക്കായി പഞ്ചായത്ത് കമ്മിറ്റിയ്ക്ക് സകർമ്മ ലോഗിൻ വഴി അജണ്ട സമർപ്പിച്ചിട്ടുണ്ടെന്നും തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് അനന്തരനടപടി സ്വീകരിക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഇതു സംബന്ധിച്ച് സത്വരവും കാര്യക്ഷമവുമായ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം – 5/29.10.22

1-14 വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമ നം. | പ്രോജക്റ്റ് നം പേര് | തുക കൈപ്പറ്റിയ സ്ഥാപനം | തുക (രൂപ) | ബിൽ നം/ ചെക്ക് നം |
|---|---|---|---|---|
| 1 | 96/22, കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിയ്ക്കൽ | കേരള വാട്ടർ അതോറിറ്റി | 33,28,000/- | XVFC/2021-22/P/3, 25.10.21 |
| 2 | ഐ.കെ.എം ന് വിഹിതം നൽകുക (5/22) | ഐ.കെ.എം | 1,17,765/- | 20/17.06.21 |
| 3 | 174/22, പുതിയ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിയ്ക്കൽ | കേരള വാട്ടർ അതോറിറ്റി, | 15,76,000/- | 48/30.12.21 |
| 4 | 58/22, ഗതാഗത തടസ്സം നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിയ്ക്കൽ | കെ.എസ്.ഇ.ബി, മണപ്പള്ളി | 3,99,700/- രൂപയിൽ 2,18,626/- രൂപയുടെ വിനിയോഗ രേഖ ഹാജരാക്കിയില്ല | 94/12-07-21, XVFC/2021-22/ P/22, 11.2.22 XVFC/2021-22/ P/71, 26.3.22 |
| ആകെ | | | 52,40,391/- | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 52,40,391/-രൂപ തടസ്സപ്പെടുത്തുന്നു. തുക ചെലവഴിച്ചതിന്റെ വിശദമായ വിനിയോഗ സാക്ഷ്യപത്രവും പ്രോജക്ടിന്റെ പൂർത്തീകരണവിവരവും ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 52,40,391/-രൂപ
ഓഡിറ്റ് എൻക്വയറി നം. – 1/29.10.2022

1-15 വെള്ളക്കരം ഇനത്തിൽ ഒടുക്ക് വരുത്തുന്ന തുക ക്രമപ്പെടുത്താത്തതിനാൽ വൻ തുക ഗ്രാമപഞ്ചായത്തിന് ബാദ്ധ്യതയാവുന്നു.

പദ്ധതി നമ്പർ - S0029/22
പദ്ധതിയുടെ പേര് - പൊതുവാട്ടർടാപ്പുകളുടെ വെള്ളക്കരം ഒടുക്കുക
അടങ്കൽ – 17,14,548/-(റോഡിതരം – 10,57,620/-, തനത് ഫണ്ട് - 6,56,928/- )
ചെലവ്- 15,71,669/-(റോഡിതരം - 10,57,620/-, തനത് ഫണ്ട് - 5,14,049/-)(ബിൽ നം - 19/17-6-21, 27/27.7.21, 39/29.9.21, 42/28.10.21, 48/25.11.21)

ടി പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം പൊതുവാട്ടർടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 15,71,669/-രൂപ കൊല്ലം കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ 2022 മാർച്ച് മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ വെള്ളക്കരവും അതിന്റെ കുടിശ്ശികയും കൂടി ആകെ 26,84,008/-രൂപ ലഭിയ്ക്കാനുള്ളതായി കാണിച്ചിരിയ്ക്കുന്നു. തുടർന്ന് 2022-23 ലും അതാത് മാസ ഡിമാന്റ് തുക അടയ്ക്കുന്നുണ്ടെങ്കിലും ആയത് വരവ് ചെയ്യാതെ വെള്ളക്കരവും അതിന്റെ കുടിശ്ശികയും കൂടി വൻ തുക ലഭിയ്ക്കാനുള്ളതായി ഡിമാന്റ് നോട്ടീസിൽ കാണിച്ചിരിയ്ക്കുന്നു.
വെള്ളക്കരം ഒടുക്കുന്നത് കേരള വാട്ടർ അതോറിറ്റി വരവ് ചെയ്യാത്തതാണ് ഇതിന് കാരണം. ഈ വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ അതാത് മാസ ഡിമാന്റ് കൃത്യമായി വാട്ടർ അതോറിറ്റിയിൽ ഒടുക്ക് വരുത്തുന്നുണ്ട്

എന്നും ടി വിഷയം വാട്ടർ അതോറിറ്റിയിൽ അറിയിച്ചിട്ടുണ്ട് എന്നും, തെറ്റായ ഡിമാന്റ് ക്രമപ്പെടുത്തി അറിയിക്കുന്നതാണ് എന്നും മറുപടി നൽകി. വെള്ളക്കരം ഒടുക്കിയത് അക്കൌണ്ടിൽ ക്രമീകരിച്ച് പുതിക്കിയ ഡിമാന്റ് നോട്ടീസ് ലഭ്യമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷം പൊതുവാട്ടർ ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഒടുക്ക് വരുത്തിയ 15,71,669/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

തടസ്സപ്പെടുത്തുന്ന തുക – 15,71,669/-രൂപ

ഓഡിറ്റ് എൻക്വയറി നം – 1/29-10-22

1-16 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗിക്കാൻ ബാക്കിയുള്ള 3,66,027/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി | കന്നുകുട്ടി പരിപാലന പദ്ധതി (34/22) |
| അടങ്കൽ തുക | 6,25,000/- (വികസന ഫണ്ട്)<br>6,25,000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>12,50,000/- (BC നേരിട്ട്) |
| ചെലവ് തുക | 6,25,000/- (വികസന ഫണ്ട്)<br>(ബിൽ നം. 2/29.1.22) |

2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും 100 കന്നുകുട്ടികൾക്കുള്ള വിഹിതമായി 6,250/-രൂപ നിരക്കിൽ 6,25,000/-രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീമിലേക്ക് ഒടുക്കു വരുത്തിയിട്ടുണ്ട്. 2,58,973/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. പദ്ധതിയിൽ നിന്ന് ഒരാൾ ഒഴിവായി. ഒഴിവായ ആൾക്ക് ഒരു മാസത്തെ ആനുകൂല്യം മാത്രമേ ലഭിച്ചുള്ളൂ. മൂന്ന് വർഷത്തെ കാലാവധിയുള്ള പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് വേണ്ടി അടച്ച തുകയിൽ നിന്ന് ഒഴിവാകുന്നവർക്ക് ലഭിച്ച ആനുകൂല്യത്തിന്റെ ബാക്കി തുക തിരികെ ഈടാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള 3,66,027/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. 3,66,027/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 3,66,027/-രൂപ

1-17 കരാർ നിരക്കിലും അധികമായി നല്കിയ തുക നിരാകരിക്കുന്നു.

പ്രോജക്ട് നം.45/22 - തെന്നല വടക്കേ കോളനി – കാളിയൻ ചന്ത റോഡ് റീ ടാറിംഗ്

അടങ്കൽ - 5,34,000/-

ചെലവ് - 5,18,487/- ബിൽ നം.20/15-3-22

അളവ് പുസ്തകം - 35/21-22

കരാർ നം. 41/എ ഇ/എൽ.എസ്.ജി.ഡി/റ്റി.ജി.പി/21-22 തീ. 5-2-22

കരാറുകാരൻ – ശ്രീ. പ്രഹ്ലാദൻ

മേൽ പ്രവൃത്തിക്ക് ടെൻഡർ നിരക്കിനെക്കാൾ അധികം (എസ്റ്റിമേറ്റ് നിരക്ക്) നൽകിയതു വഴി 6,388/-രൂപയുടെ അധിക ചെലവുണ്ടായി. ഈ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ അസി. എൻജിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കു വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | കരാറുകാരന്റെ നിരക്ക് | പ്രവൃത്തിയുടെ അളവ് | നൽകാവുന്ന തുക (രൂപ) | നൽകിയ തുക (രൂപ) | അധികം നൽകിയ തുക (രൂപ) |
|---|---|---|---|---|---|---|
| 1 | 75.5.5 A1 Pb Modfied Penetration Mecadam 50 Mm Thick Using Bitumen | $276.34/m^3$ | $63.020 M^3$ | 17,414.94/- | 17,626.69/- | 211.74/- |
| 2 | Modfied Penetration75.5.5 A1 Pb Modfied Penetration Mecadam 75 Mm Thick Using Bitumen | $359.3/m^3$ | $37.76 M^3$ | 13,567.16/- | 13,721.55/- | 154.38/- |
| 3 | 75.5.2.1 Pbtak Coat | 12.75/sqm | 876.65 Sqm | 11,177.28/- | 11,317.55/- | 140.26/- |
| 4 | 75.5.91.2pb 20 Mm Thick Opn Graded Premix Carpet Using Bitumen.... | 177.54/sqm | 876.65 Sqm | 1,55,640.44/- | 1,57,244.71/- | 1,604.27/- |
| 5 | 75.5.12.Apb Seal Coat | 71/sqm | 876.65 Sqm | 62,242.15/- | 63,004.84/- | 762.69/- |
| 6. | 75.1.1.A Providing Plain Concrete For Weaing Coat 1:2:4 | $7771/m^3$ | 25.375 Sqm | 1,97,189.12/- | 2,00,019.45/- | 2,830.32/- |
| 7 | പ്രവൃത്തി മൂല്യം | - | - | 4,57,231.09/- | 4,62,934.79/- | 5,703.81/- |
| 8 | നികുതി | - | - | 54,868.00/- | 55,552/- | 684.00/- |
| | ആകെ | | | 51,20,99.09/- | 5,18,486.79/- | 6,388/- |

1-18 മരുന്ന് ലഭ്യമായിട്ടില്ല. വാങ്ങുന്നതിനായി ചെലവഴിച്ച 2,50,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പദ്ധതി നമ്പർ - S0014/22
നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ആയുർവ്വേദം
അടങ്കൽ – 2,50,000/-രൂപ (മെയിന്റനൻസ് റോഡിതരം)
ചെലവ് – 2,50,000/-രൂപ (മെയിന്റനൻസ് റോഡിതരം)

ടി പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി ( ബിൽ നം.11/22, തീ.24.2.22) 2,50,000/-രൂപ HOMCO യ്ക്ക് നൽകി. എന്നാൽ മരുന്ന് ലഭ്യമായി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിൻ മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭിച്ചിട്ടില്ല എന്ന് അറിയിച്ചു. മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച 2,50,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. മരുന്ന് ലഭ്യമായി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 2,50,000/-രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ-7/31-10-22

1-19 ഇ-ടെൻഡർ ഫീ വരവ് ലഭ്യമായില്ല.

പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികളുടെ 2021-22 വർഷത്തെ ഇ-ടെൻഡർ ഫീ വരവ് 1,95,177/-രൂപ നാളിതുവരെ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. തുക ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് തുക ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും യഥാസമയം മരുന്നുകൾ ലഭിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| പ്രോജക്ടിന്റെ പേര്, നം | എഫ്.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ, 8/21-22 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്, തുക കൈമാറിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | വകയിരുത്തിയ തുക (രൂപ) | ചെലവ് (രൂപ) | തുക കൈപ്പറ്റിയ സ്ഥാപനം | ലഭിക്കാൻ അവശേഷിക്കുന്ന മരുന്ന് (രൂപയിൽ) | മരുന്നുകൾ വാങ്ങുന്നതിനായി ചെലവഴിച്ച തുകയുടെ ബിൽ നം – തീയതി |
|---|---|---|---|---|---|
| എഫ്.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ | 18,00,000/- | 18,00,000/- | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 4,31,887/- (P.I- PRF 1280 – 22.07.21) | 31/08.10.21 |

ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുകയായ 4,31,887/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 4,31,887/-രൂപ
ഓഡിറ്റ് എൻക്വയറി നം - 9/31.10.2022

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കരാർ നിരക്കിലും അധികമായി നല്കിയ തുക നിരാകരിക്കുന്നു.

പ്രോജക്റ്റ് നം.45/22 - തെന്നല വടക്കേ കോളനി – കാളിയൻ ചന്ത റോഡ് റീ ടാറിംഗ്

അടങ്കൽ - 5,34,000/-

ചെലവ് - 5,18,487/- ബിൽ നം.20/15-3-22

അളവ് പുസ്തകം - 35/21-22

കരാർ നം. 41/എ ഇ/എൽ.എസ്.ജി.ഡി/റ്റി.ജി.പി/21-22 തീ. 5-2-22

കരാറുകാരൻ – ശ്രീ. പ്രഹ്ലാദൻ

മേൽ പ്രവൃത്തിക്ക് ടെൻഡർ നിരക്കിനെക്കാൾ അധികം (എസ്റ്റിമേറ്റ് നിരക്ക്) നൽകിയതു വഴി 6,388/-രൂപയുടെ അധിക ചെലവുണ്ടായി. ഈ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ അസി. എൻജിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കു വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | കരാറുകാരന്റെ നിരക്ക് | പ്രവൃത്തിയുടെ അളവ് | നൽകാവുന്ന തുക (രൂപ) | നൽകിയ തുക (രൂപ) | അധികം നൽകിയ തുക(രൂപ) |
|---|---|---|---|---|---|---|
| 1 | 75.5.5 A1 Pb Modfied Penetration Mecadam 50 Mm Thick Using Bitumen | 276.34/$m^3$ | 63.020 $M^3$ | 17,414.94/- | 17,626.69/- | 211.74/- |
| 2 | Modfied Penetration75.5.5 A1 Pb Modfied Penetration Mecadam 75 Mm Thick Using Bitumen | 359.3/$m^3$ | 37.76 $M^3$ | 13,567.16/- | 13,721.55/- | 154.38/- |
| 3 | 75.5.2.1 Pbtak Coat | 12.75/sqm | 876.65 Sqm | 11,177.28/- | 11,317.55/- | 140.26/- |
| 4 | 75.5.91.2pb 20 Mm Thick Opn Graded Premix Carpet Using Bitumen.... | 177.54/sqm | 876.65 Sqm | 1,55,640.44/- | 1,57,244.71/- | 1,604.27/- |
| 5 | 75.5.12.Apb Seal Coat | 71/sqm | 876.65 Sqm | 62,242.15/- | 63,004.84/- | 762.69/- |
| 6. | 75.1.1.A Providing Plain Concrete For Weaing Coat 1:2:4 | 7771/$m^3$ | 25.375 Sqm | 1,97,189.12/- | 2,00,019.45/- | 2,830.32/- |
| 7 | പ്രവൃത്തി മൂല്യം | - | - | 4,57,231.09/- | 4,62,934.79/- | 5,703.81/- |
| 8 | നികുതി | - | - | 54,868.00/- | 55,552/- | 684.00/- |
| | ആകെ | | | 51,20,99.09/- | 5,18,486.79/- | 6,388/- |

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 25.10.22 & 26.10.22 | കെ.എസ്.എ.കെ.എൽ.എം.പി.8/391/23 തീയതി - 09.02.2023 |

### 4-2 സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 2,65,062/- | 73 - ക്ഷീര സാഗരം സുഭിക്ഷ കേരളം പാലിന് സബ്സിഡി | 2,65,062/- | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2021-22 | 5,00,000/- | 163 ലൈഫ് ഭവന പദ്ധതി | 5,00,000/- | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2,60,000/- | 167- ലൈഫ് ഭവന പദ്ധതി (എസ്.സി) | 2,60,000/- | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2021-22 | 6,75,750/- | 4-സുഭിക്ഷ കേരളം സമഗ്ര നെൽകൃഷി | 6,75,750/- | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,00,000/- | 17-ഭിന്നശേഷി സ്കോളർഷിപ്പ് ബത്ത | 1,00,000/- | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,50,000/- | 11-അനുപൂരക പോഷകാഹാര പദ്ധതി | 1,50,000/- | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 47,865/- | 93-കോവിഡ് പ്രതിരോധം മരുന്നും ഉപകരണങ്ങളും വാങ്ങൽ | 47,865/- | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 3,00,000/- | 11 - അനുപൂരക പോഷകാഹാരം | 3,00,000/- | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 3,50,000/- | 17 - ഭിന്നശേഷി സ്കോളർഷിപ്പ് ബത്ത | 3,50,000/- | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 6,75,750/- | 4 - സുഭിക്ഷ കേരളം സമഗ്ര നെൽകൃഷി | 6,75,750/- | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 20,000/- | 68 - വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ | 20,000/- | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 75,000/- | 163 - ലൈഫ് ഭവനപദ്ധതി | 7,50,000/- | ഇല്ല |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 8,39,864/- | 167- ലൈഫ് ഭവന പദ്ധതി | 8,39,864/- | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2,25,000/- | 131 – ലൈഫ് ഭവന പദ്ധതി | 2,25,000/- | ഇല്ല |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 94/12.7.21 XVFC/2021-22 /P/22/ 11.2.22 XVFC/2021-22 /P/71/ 26.3.22 | 3,99,700/- | 1,81,074/- | 2,18,626/- |
| വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 42101387 | 33,28,000/- | 33,28,000/- | 0 |
| വാട്ടർ അതോറിറ്റി | പുതിയ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുക | 42101393 | 15,76,600/- | 15,76,600/- | 0 |
| കുന്നത്തൂർ ഗ്രാമ പഞ്ചായത്ത് | കുടിവെള്ള പദ്ധതിക്കായി വസ്തു വാങ്ങൽ പഞ്ചായത്ത് വിഹിതം | XVFC/2021-22 /p/46, 23.3.22 | 15,00,000/- | 15,00,000/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 78,80,000/-രൂപ വരവുണ്ട്. മുൻബാക്കി 9,66,629/-രൂപയടക്കം 88,46,629/-രൂപയിൽ 8,66,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക(രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | | 78,80,000/- | 4,16,89,547/- | 53,09,334/- | | 4,42,60,213/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 33,431/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2019-2020 | 1-20 | 6,198/- | ഗീതാമണിയമ്മ, അസി. സെക്രട്ടറി | 12010101143/29.7.21 |
| 2018-2019 | 2-2 | 27,233/- | സന്തോഷ്, തഴവ അമീർ (കെട്ടിട ഉടമ) | 42101352/31.03.22 |
| | ആകെ | 33,431/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2.1 | 2016-17 | 2.1 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 6,388/- | ശ്രീ. ചന്ദ്രദാസ്. ജി, അസി. എഞ്ചിനീയർ |
| | ആകെ | 6,388/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 52,40,391/- | ശ്രീ. മനോജ്. വി, സെക്രട്ടറി |
| 1-15 | 15,71,669/- | ശ്രീ. മനോജ്. വി, സെക്രട്ടറി |
| 1-16 | 3,66,027/- | ഡോ. ബി.സോജ, വെറ്റിനറി സർജൻ |
| 1-18 | 2,50,000/- | ഡോ. ബിന്ദു. എസ്, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 1-20 | 4,31,887/- | ശ്രീമതി ജാസ്മിൻ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) |
| ആകെ | 78,59,974/- | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മനോജ്. വി, സെക്രട്ടറി | സെക്രട്ടറി, തഴവ ഗ്രാമപഞ്ചായത്ത് | ശ്രീലക്ഷ്മി, കടത്തൂർ പി. ഒ |
| ശ്രീ. ചന്ദ്രദാസ്. ജി, അസി.എഞ്ചിനീയർ | നിലവിലെ ഔദ്യോഗിക മേൽവിലാസം ലഭ്യമാക്കിയില്ല | ഓംകാരം, ആദിനാട് സൗത്ത്, കാട്ടിൽക്കടവ് |
| ഡോ. ബിന്ദു. എസ്, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | മെഡിക്കൽ ഓഫീസർ, തഴവ ഗ്രാമപഞ്ചായത്ത് | വൃന്ദാവനം, ചതിയറ, താമരക്കുളം, ആലപ്പുഴ. പി. ഒ |
| ഡോ. ജാസ്മിൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, തഴവ ഗ്രാമപഞ്ചായത്ത് | റിഷാദ് മൻസിൽ, മരു സൗത്ത്, ആലുംകടവ്. പി. ഒ |
| ഡോ. ബി.സോജ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, വെറ്റിനറി ഹോസ്പിറ്റൽ, മണപ്പള്ളി | ഷാരോൺ.നിയർ ചിറയിൽ മോസ്ക്, ഇളംമ്പള്ളൂർ, കുണ്ടറ |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.-കെ.എൽ.എം./പി 8/379(2)/2018, 21/4/18 | 1 |
| 2002-2003 | കെ.എസ്.എ.-കെ.എൽ.എം./പി 8/379(6)/2018, 21/4/18 | 1 |
| 2003-04 | കെ.എസ്.എ.-കെ.എൽ.എം./പി 8/379(7)/2018, 21/4/18 | 11 |
| 2004-2005 | കെ.എസ്.എ.-കെ.എൽ.എം./പി 8/379(8)/2018, 21/4/18 | 3 |
| 2005-2006 | കെ.എസ്.എ.-കെ.എൽ.എം./പി 8/379(9)/2018, 21/4/18 | 4 |
| 2006-2007 | കെ.എസ്.എ.-കെ.എൽ.എം./പി.8/725/19, 29.5.19 | 3 |
| 2007-2008 | കെ.എസ്.എ.-കെ.എൽ.എം./പി.8/725/19, 29.5.19 | 5 |
| 2008-2009 | കെ.എസ്.എ.-കെ.എൽ.എം./പി.8/725/19, 29.5.19 | 3 |
| 2009-2010 | കെ.എസ്.എ.-കെ.എൽ.എം./പി.8/725/19, 29.5.19 | 9 |
| 2014-2015 | കെ.എസ്.എ.-കെ.എൽ.എം./പി8-അദാലത്ത് 2014-15/1505/22, 22-8-22 | 6 |
| 2015-16 | കെ.എസ്.എ.-കെ.എൽ.എം./പി8-അദാലത്ത് 2015-16/1505/22, 22-8-22 | 5 |
| 2016-17 | കെ.എസ്.എ.-കെ.എൽ.എം./പി8/1806/17, 21-10-17 | 15 |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ.-കെ.എൽ.എം./പി8/1806/17, 21-10-17 | 28 |
| 2018-19 | കെ.എസ്.എ.-കെ.എൽ.എം./പി8/1017/19, 05-09-19 | 27 |
| 2019-20 | കെ.എസ്.എ.-കെ.എൽ.എം./പി8/493 /2021,7-05-2022 | 11 |
| 2020-21 | കെ.എസ്.എ.-കെ.എൽ.എം./പി8/1229/22,26.7.22 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.